# "ദൈവത്തോടുകൂടെ നടക്കുക"

അപ്പോ. പ്ര. 4:13

"അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാൺകയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു: അവർ യേശുവിനോട് കൂടെ ആയിരുന്നവർ എന്നും അറിഞ്ഞു."

ഇവിടെ പഠിപ്പില്ലാത്തവരും സാമാന്യരുമായ രണ്ടു വ്യക്തികളെയാണ് നമ്മൾ കാണുന്നത്. അവരെ കണ്ട് ഒരു ജനക്കൂട്ടം ആശ്ചര്യപ്പെടുകയാണ്; എന്താണ് അവർക്കുള്ള പ്രത്യേകത? അവർ യേശുവിനോട് കൂടെ ആയിരുന്നവർ ആണ്.

ഇന്ന് നമ്മോടുള്ള ചോദ്യവും അതാണ്, നമ്മൾ യേശുവിനോട് കൂടെയുള്ളവർ ആണോ? അതോ യേശുവിനെ ചുറ്റിപ്പറ്റി നിൽക്കുന്നവർ മാത്രമാണോ?

ദൈവത്തോട് കൂടെ ജീവിക്കുന്നതും ദൈവത്തെ ചുറ്റിപ്പറ്റി നിൽക്കുന്നതും രണ്ടും രണ്ടാണ്. ഇവിടെ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കണ്ടവർക്ക് അവർ പറയാതെ തന്നെ മനസ്സിലായി 'ഇവർ ദൈവത്തോട് കൂടെ ആയിരുന്നവർ എന്ന്.' ഇന്ന് നമ്മുടെ ജീവിതം കാണുന്നവർക്ക് എന്താണ് നമ്മെ കുറിച്ചു പറയുവാനുണ്ടാവുക എന്ന് നാമോരോരുത്തരും നമ്മോട് തന്നെ ചോദിച്ചു നോക്കുക, കാരണം ഇന്നു നമ്മെ കാണുന്നവർക്ക് മനസ്സിലാക്കി കൊടുക്കാൻ ശ്രമിച്ചാലും മനസ്സിലാകാത്ത അവസ്ഥയിലേക്കണ് നമ്മുടെ ജീവിതം പോകുന്നത്.

യോഹന്നാൻ 1:14–ൽ ഇങ്ങനെ പറയുന്നു, "വചനം ജഡമായിതീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു."

അപ്പോൾ അവന്റെ കൂടെ ജീവിക്കുന്ന വ്യക്തിയിലും ഈ കൃപയും സത്യവും വേണം. അങ്ങനെയുള്ള വ്യക്തികൾ മറ്റുള്ളവരെ ദൈവത്തോടും സ്വർഗ്ഗത്തോടും അടുപ്പിക്കുന്നു. ഇത് എങ്ങനെ സാധ്യമാവും. വേദനയിലൂടെയും സഹനത്തിലൂടെയും കടന്നു പോകുമ്പോൾ മാത്രമേ അതു സാദ്ധ്യമാവൂ.

ഇയ്യോബ് 23:1–ൽ പറയുന്നു, "എന്നാൽ ഞാൻ നടക്കുന്ന വഴി അവൻ അറിയുന്നു, എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നു പോലെ പുറത്തു വരും."

നമ്മളും ഇതു പോലെ പൊന്നു പോലെ പുറത്തു വരാൻ ദൈവം ആഗ്രഹിക്കുന്നു. അതിനാൽ പ്രയാസങ്ങളുടെ മദ്ധ്യത്തിൽ തളരാതെ ദൈവത്തോട് കൂടെ ആയിരിക്കുക.

ശാന്തരായിരുന്ന് ദൈവമാരെന്ന് അറിയുക. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി പ്രാർത്ഥിക്കുക.

നമ്മുടെ ജീവിതം കണ്ട് മറ്റുള്ളവർ മനസ്സിലാക്കാണം ഇവൻ ദൈവത്തോട് കൂടെ ജീവിക്കുന്നവൻ എന്ന്. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

ഉല്പത്തി പുസ്തകം 5:22

"മെഥൂശലഹിനെ ജനിപ്പിച്ച ശേഷം ഹാനോക്ക് മൂന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടക്കയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കയും ചെയ്തു."

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 005